സംസ്ഥാനത്തിലെ വിദ്യുച്ഛക്തി വിതരണസംവിധാനം വളരെ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. കഴിഞ്ഞ വർഷത്തിനുശേഷം, സംസ്ഥാന വിദ്യുച്ഛക്തി ബോർഡ്, സബ് സ്റ്റേഷനുകളും ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുക, ട്രാൻസ്മിഷൻ ലൈനുകളും നിർമ്മിക്കുക എന്നീ പരിപാടികളുടെ പ്രവർത്തനം ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ, വരുന്ന വർഷത്തിൽ ഇനിയും കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതും തന്നിമിത്തം വിദ്യുച്ഛക്തിയുടെ ലഭ്യതയുടെയും വോൾട്ടേജിന്റെയും കാര്യത്തിൽ ഗണ്യമായ പുരോഗതി ഉണ്ടാവുകയും ചെയ്യുന്നതാണ്.

ഗാന്ധി ശതാബ്ദി വർഷത്തിൽ ഗ്രാമ വൈദ്യുതീകരണത്തിനുള്ള ഒരു വമ്പിച്ച പദ്ധതി നടപ്പിലാക്കാൻ ഗവൺമെന്റിനു് ഉദ്ദേശമുണ്ടായിരുന്നു. ഇതിലേയ്ക്കായി സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് കടപ്പത്രങ്ങളും മുഖേനയും ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനിൽനിന്നു് കടമെടുത്തും ആവശ്യമായ ധനം സംഭരിക്കുകയും മുൻകാലങ്ങളെ അപേക്ഷിച്ചു മൂന്നിരട്ടി സാധനങ്ങൾക്ക് ഓർഡർ നൽകുകയും ചെയ്തു. എന്നാൽ അലൂമിനിയം, ഉരുക്ക് എന്നീ അസംസ്കൃത സാധനങ്ങളുടെ ദൌർലഭ്യം നിമിത്തം അവ ഉദ്ദേശിച്ച തോതിൽ ലഭിച്ചില്ല. ഇക്കാര്യം സംസ്ഥാന ഗവൺമെന്റ് ഇൻഡ്യാ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിനു താമസിയാതെ ഒരു പരിഹാരം ഉണ്ടാവുമെന്നു് ഞാൻ പ്രതീക്ഷിക്കുന്നു.

വിദ്യുച്ഛക്തി പരിപാടികൾക്കായി ബഡ്ജറിൽ വക കൊള്ളിച്ചിട്ടുള്ള തുക 15 കോടി രൂപയാണ്.

സംസ്ഥാനത്തെ ഏറ്റവും വലിയ പൊതുമേഖലാസ്ഥാപനമായ വിദ്യുച്ഛക്തി ബോർഡിൽ ജീവനക്കാരുടെ ശമ്പളത്തെ സംബന്ധിച്ച ഒരു പ്രധാനപ്പെട്ട അവാർഡ് ഈ വർഷം നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത അവാർഡിന്റെ പ്രയോജനം ലഭിക്കാത്ത ജീവനക്കാർക്ക് ഉഭയകക്ഷി ഉടമ്പടി പ്രകാരം ശമ്പളത്തിൽ ഈവർഷം തന്നെ വർദ്ധനവരുത്തിയിട്ടുണ്ട്. സംസ്ഥാനവിദ്യുച്ഛക്തി ബോർഡിലെ ജീവനക്കാർക്ക് മിക്കവാറുമുള്ള എല്ലാ സംസ്ഥാനങ്ങളിലെ ജീവനക്കാരെക്കാളും കൂടുതൽ ശമ്പളമാണ് നൽകുന്നതെന്നുള്ള വസ്തുത ബഹുമാനപ്പെട്ട സഭയ്ക്ക് അറിവുള്ളതാണല്ലോ.

വ്യവസായം

വ്യവസായ വികസനം സംസ്ഥാനത്തെ സമ്പദ്വ്യവസ്ഥയെ സംബന്ധിച്ചിടത്തോളം മർമ്മപ്രധാനമാണ്. ആദ്യത്തെ രണ്ടു പദ്ധതിക്കാലത്തു വ്യവസായവൽക്കരണം വളരെ മന്ദഗതിയിലായിരുന്നു. വ്യവസായരംഗത്തുള്ള നിക്ഷേപം പ്രത്യേകിച്ചും കേന്ദ്രമേഖലയിലുള്ളത് വളരെ തുച്ഛമായിരുന്നു. അതുകൊണ്ട് സുശക്തമായ ഒരു വ്യാവസായികാടിസ്ഥാനം കെട്ടിപ്പടുക്കുന്നതിനു നിരന്തരമായ പരിശ്രമങ്ങൾ ആവശ്യമായിത്തീർന്നിരിക്കുന്നു. സംസ്ഥാനത്തെ പൊതുമേഖലാരംഗത്ത് കൂടുതൽ കേന്ദ്ര നിക്ഷേപത്തിനുവേണ്ടി നാം ശബ്ദമുയർത്തുകയും ശക്തമായ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയുമാണ്. ഈ യത്നം തുടർന്നും പൂർവ്വാധികം ശക്തിയോടെ നടത്തേണ്ടതായിട്ടാണിരിക്കുന്നത്. കൊച്ചി കപ്പൽ നിർമ്മാണകേന്ദ്രത്തിന്റെ പ്രവർത്തനം ഉടനടി ആരംഭിക്കുംഎന്നത് ആശ്വാസജനകമാണ്. ഹിന്ദുസ്ഥാൻ ലാറക്സ് ഉൽപ്പാദനം ആരംഭിച്ചുകഴിഞ്ഞു. കൊച്ചി വളം നിർമ്മാണശാലയും ആസന്നഭാവിയിൽ ഉൽപ്പാദനക്ഷമമാകുമെന്നു പ്രതീക്ഷിക്കാം.

കൂടുതൽ വ്യവസായികളെ സംസ്ഥാനത്തേക്ക് ആകർഷിക്കുകയും വ്യവസായിക വികസനം ത്വരിതപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ടാണ് 1967—ലെ പുതുതായ വ്യാവസായിക നയപ്രഖ്യാപന

LIBRARY ARCHIVES Kerala Legislative Assembly

ത്തിനു രൂപം കൊടുത്തത്. ഈ നയത്തിന് പ്രോൽസാഹജനകമായ പിൻതുണ ലഭിക്കുകയുണ്ടായി. ആലുവാ, എറണാകുളം മേഖലയിൽ പെപ്പർ എക്സ് ട്രാക്ടട യൂണിറ്റ്, ഫാർമസ്യൂട്ടിക്കൽ യൂണിറ്റ്, ഫോർമിക് ആസിഡ് നിർമ്മാണ യൂണിറ്റ്, ക്യാറലിസ്റ്റ് ഉൽപ്പാദന യൂണിറ്റ് കൊറുഗേറ്റഡ് പേപ്പർ നിർമ്മാണ യൂണിറ്റ് തുടങ്ങിയ പുതിയ വ്യവസായങ്ങൾ ക്രമേണ ഉയർന്നുവരികയാണ്. ഈ യൂണിറ്റുകളിൽ മിക്കവയും ഒരു വർഷത്തിനുള്ളിൽ തന്നെ ഉൽപ്പാദനം ആരംഭിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. വൻകിട ഇടത്തര വ്യവസായവിഭാഗത്തിൽ ആലപ്പുഴയിലെ കേരള സ്പിന്നേഴ്സും, എറണാകുളത്ത് ''ഓക്സ് ഇലക്ട്രോണെറിക്സ് ലിമിറ്റഡും'' (ഒ. ഈ. എൽ.) 1969-ൽത്തന്നെ ''പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. നടപ്പുവർഷത്തിൽ കേന്ദ്രഗവൺമെന്റിലേക്ക് വ്യവസായ ലൈസൻസിനുള്ള 17 അപേക്ഷകളും ശുപാർശചെയ്തിട്ടുള്ളതിൽ ആറെണ്ണം പുതിയ വ്യവസായങ്ങളും ആരംഭിക്കുന്നതിനും പതിനൊന്നെണ്ണം നിലവിലുള്ളവ വികസിപ്പിക്കുന്നതിനും വേണ്ടിയാണ്. കേന്ദ്രഗവൺമെന്റ് 5 ''ലറർ ഓഫ് ഇൻറൻറ്'' നൽകിയിട്ടുണ്ട്. ടൈറാനിയം വ്യവസായശൃംഖലയും ഒരു സ്ക്കൂട്ടർ പ്രോജക്റ്റും തുടങ്ങുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്. ഗവൺമെന്റ് നിയമിച്ച ''പെസ് റിസൈഡ് കമ്മിറ്റി'' ഒന്നാം ഘട്ടത്തിൽ ആറുതരവും, രണ്ടാം ഘട്ടത്തിൽ ഏഴു തരവും കീടനാശിനികളും ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഒരു പ്രോജക്റ്റ് സ്ഥാപിക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഒരു യൂണിറ്റ് സ്ഥാപിക്കുന്ന കാര്യത്തിലും ഗവൺമെന്റിന്റെ ശ്രദ്ധപതിഞ്ഞിട്ടുണ്ട്. പെട്രോകെമിക്കൽ വ്യാവസായികശൃംഖലയെപ്പറ്റി ഒരു പ്രോജക്റ്റ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്; അതു ഗവൺമെന്റ് പഠിച്ചുകൊണ്ടിരിക്കുകയാണ്. കോഴിക്കോട്ടു പ്രദേശത്തു ഇരുമ്പയിര് ഉപയോഗപ്പെടുത്താനുള്ള ഒരു പദ്ധതിയും സജീവ പരിഗണനയിലുണ്ട്. പൊതുമേഖലയിലാരംഭിക്കാൻ ഉദ്ദേശിക്കുന്ന മൂന്നു ഉരുക്കുനിർമ്മാണശാലകളിലൊന്ന് നമ്മുടെ സംസ്ഥാനത്തു സ്ഥാപിക്കണമെന്ന് കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഒരു ഓട്ടോമാറ്റിക് ബോട്ടിൽ നിർമ്മാണകേന്ദ്രം സ്ഥാപിക്കുന്നതിനു വേണ്ടി കേന്ദ്രഗവൺമെന്റിൽ നിന്നുമുള്ള ''ലറർ ഓഫ് ഇൻറൻറ്'' ഉടനേ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

നിലവിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ വിപുലീകരണത്തിനും, വികസനത്തിനും പുന:സംഘടനയ്ക്കുംവേണ്ടി പല പദ്ധതികളും ആസൂത്രണം ചെയ്തിട്ടുണ്ട്. 1970-71-ലെ ബഡ്ജറ്റിൽ ഇതിനുവേണ്ടി ആവശ്യമായ വകകൊള്ളിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ മാമലയിൽ ''കേരള എലക്ട്രിക് ആൻറ് അലൈഡ് എൻജിനീയറിംഗ് കമ്പനി''യുടെ വികസന പരിപാടി എന്ന നിലയ്ക്ക് ഒരു ട്രാൻസ്ഫോർമർ ഫാക്ടറി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അടുത്ത വർഷം പത്തു ലക്ഷംരൂപ (നാലര ലക്ഷം രൂപ മൂലധനനിക്ഷേപമായും, അഞ്ചര ലക്ഷം രൂപ വായ്പയായും) ഈ കമ്പനിയിൽ നിക്ഷേപിക്കാൻ ഉദ്ദേശിക്കുന്നു. ട്രാവൻകൂർ ടൈറാനിയം പ്രോഡക്ടിൽ ദിനംപ്രതി 50 ടൺ ടൈറാനിയം ഡയോക്സയിഡിന്റെ ഉൽപാദനശേഷിയുള്ള ഒരു പ്ലാൻറ് സ്ഥാപിക്കുന്നകാര്യത്തിൽ ഗണനീയമായ പുരോഗതി ഇതിനകം നേടിക്കഴിഞ്ഞിട്ടുണ്ട്. ഈ കമ്പനിയിൽ നിക്ഷേപിക്കുന്നതിന് 1970-71-ലെ ബഡ്ജറ്റിൽ 50 ലക്ഷം രൂപാ വകയിരുത്തിയിട്ടുണ്ട്. ചെക്കോസ്ലോവാക്യൻ ഗവൺമെന്റിന്റെ സഹകരണത്തോടെ പുനലൂർ പ്ലൈവുഡ് ഫാക്ടറി വികസിപ്പിക്കുന്നതിനുള്ള പരിപാടി ഏതാണ്ട് പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. 6 ലക്ഷം രൂപയുടെ ധനസഹായം ഈ കമ്പനിക്ക് അടുത്തവർഷം നൽകുവാൻ ഉദ്ദേശിക്കുന്നു. കേരള സിറാമിക് ഫാക്ടറിയിൽ ജപ്പാൻ ഗവൺമെന്റിന്റെ സഹകരണത്തോടുകൂടി ''പേപ്പർ കോട്ടിംഗ് ക്ലേ'' നിർമ്മാണപ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഒരു ട്രാൻസ്ഫർ

LIBRARY ARCHIVES Kerala Legislative Assembly

പിക്ചർ യൂണിററിന്റെ പ്രവർത്തനം ഈ വർഷംതന്നെ ആരംഭിക്കുന്നതാണ്. 1970-71-ൽ 30 ലക്ഷം രൂപ കേരള സിറാമിക്സിൽ നിക്ഷേപിക്കുവാനുദ്ദേശിക്കുന്നു.

തൊഴിൽസാദ്ധ്യതയുള്ള കയർ, കൈത്തറി, കരകൗശലം, കശുഅണ്ടി മുതലായ പരമ്പരാഗതവ്യവസായങ്ങൾ പ്രത്യേക പ്രാധാന്യം അർഹിക്കുന്നു. കൂടാതെ ഇവ വിലപ്പെട്ട വിദേശനാണ്യവും രാജ്യത്തിന് നേടിത്തരുന്നു. ഈ വ്യവസായങ്ങളെ സംബന്ധിച്ചുള്ള പ്രധാന പ്രശ്നം, തൊഴിൽസാദ്ധ്യതകൾക്ക് ഒട്ടും കോട്ടം തട്ടാതെ എങ്ങനെ അവയെ നവീകരിക്കാമെന്നുള്ളതാണ്. പരിമിതമായ തോതിലെങ്കിലും ആധുനിക സാങ്കേതിക മാർഗ്ഗങ്ങൾ അവലംബിച്ചില്ലെങ്കിൽ നമ്മുടെ ഉൽപന്നങ്ങൾക്ക് വിദേശവിപണികളിൽ അധികകാലം പിടിച്ചുനിൽക്കാനോ ലോകകമ്പോളങ്ങളിലെ കിടമൽസരങ്ങളെ അഭിമുഖീകരിക്കാനോ കഴിയുകയില്ല. അതേ സമയം ഈ വ്യവസായങ്ങളിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ തൊഴിൽ സൗകര്യങ്ങളെ ബാധിക്കുന്ന യാതൊരു നടപടിയും അനുവർത്തിച്ചുകൂടാത്തതാണ്. തൻമൂലം ഗവൺമെൻറ് പ്രധാനപ്പെട്ട വ്യവസായങ്ങൾക്ക് ഒരു പ്രവർത്തനപരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ട്.

കയർ വ്യവസായ പുനരുജ്ജീവനത്തിന് 15 കോടി രൂപ മുതൽ മുടക്കുള്ള ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി 1969-ൽ 50 ലക്ഷം രൂപയുടെ ഓഹരിമൂലധനത്തോടുകൂടി ഒരു കയർ കോർപ്പറേഷൻ രൂപീകരിച്ചുകഴിഞ്ഞിരിക്കുന്നു. കയറുൽപ്പന്നങ്ങളുടെ കയററുമതിച്ചുമതല ഏറെറടുക്കുന്നതും തൻമൂലം വിപണന സൗകര്യങ്ങൾ വർദ്ധിക്കുന്നതുമാണ്. 1969 ഡിസംബർ ഒന്നു മുതൽ തൊണ്ടഴുക്കുന്നതിന് ലൈസൻസിംഗ് സമ്പ്രദായം ആരംഭിക്കുകയും അഴുക്കിയ തൊണ്ടിന്റെ പരമാവധി വില നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു. കോർപ്പറേഷന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 1970-71-ൽ 20 ലക്ഷം രൂപ മൂലധനനിക്ഷേപമായും, വായ്പയായും, കൊടുക്കുന്നതാണ്.

60 കോടി രൂപയോളം വിദേശനാണ്യം നേടിത്തരുന്ന കശുഅണ്ടി വ്യവസായത്തിൽ ഏകദേശം ഒരുലക്ഷം തൊഴിലാളികൾ പണിയെടുക്കുന്നു. സാധാരണ സമയങ്ങളിൽ പോലും ഭാഗികമായിമാത്രം ജോലിയുള്ള ഈ തൊഴിലാളികൾ ഫാക്ടറി ഉടമകളുടെ കൂടകൂടെയുള്ള ലോക്ക്ഔട്ടും, ലേ ഓഫും മൂലം പൂർണ്ണമായും തൊഴിൽരഹിതരായിതീരുകയും അങ്ങനെ ഈ വ്യവസായം തകർച്ചയെ അഭിമുഖീകരിക്കുകയുമാണ്. അതുകൊണ്ട് ഗവൺമെൻറ് ഈ രംഗത്ത് പ്രവേശിക്കാൻ നിർബന്ധമാവുകയും 50 ലക്ഷം രൂപാ മൂലധനത്തോടുകൂടിയ ഒരു കശുഅണ്ടി കോർപ്പറേഷൻ രൂപീകരിക്കുകയും ചെയ്തുകഴിഞ്ഞു. ഈ കോർപ്പറേഷൻ തോട്ടണ്ടിവ്യാപാരത്തിലും ഏതാനും ചില കശുഅണ്ടി പ്രോസസിംഗ് യൂണിററുകളും നടത്തുന്നതിലും വ്യാപൃതമാകുന്നതാണ്. ഈ വ്യവസായത്തിലെ പ്രധാന പ്രശ്നങ്ങൾ, തോട്ടണ്ടിയുടെ ഇറക്കുമതി, അവയുടെ ന്യായയുക്തമായ വിതരണം, തൊഴിലാളികളോട് നീതി പുലർത്തുക എന്നിവയെ സംബന്ധിച്ചാണ്. കോർപ്പറേഷന് ഈവക പ്രശ്നങ്ങൾ തികച്ചും ബോദ്ധ്യമായിട്ടുള്ളതാണ്. അതനുസരിച്ച് അതിന്റെ പ്രവർത്തനവലയം ക്രമേണ വിപുലീകരിക്കുന്നതുമായിരിക്കും. മൂലധനമായും വായ്പയായും 20 ലക്ഷം രൂപാ ഈ കോർപ്പറേഷനിൽ അടുത്തവർഷം നിക്ഷേപിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

കയററുമതി വ്യാപാരരംഗത്ത് കരകൗശല ഉൽപന്നങ്ങളുടെ പങ്ക് അവഗണിക്കത്തക്കതല്ല. വിദേശ കയററുമതി വർദ്ധിപ്പിക്കുന്നതിനും, ആഭ്യന്തര വിപണി മെച്ചപ്പെടുത്തുന്നതിനുംവേണ്ടി 50 ലക്ഷം രൂപ മൂലധനത്തോടുകൂടി കേരള കരകൗശല വികസന കോർപ്പറേഷൻ രൂപവൽക്കരിച്ചിട്ടുണ്ട്. ഡൽഹി, കോയമ്പത്തൂർ, മദ്രാസ് എന്നിവിടങ്ങളിൽ ഇതേവരെ സംസ്ഥാന ഗവൺമെൻറ്

LIBRARY ARCHIVES Kerala Legislative Assembly

നടത്തിവന്നിരുന്ന വിൽപന കേന്ദ്രങ്ങളും ഇപ്പോൾ ഈ കോർപ്പറേഷന്റെ കീഴിലാണ്. കൂടാതെ ബോംബേയിൽ ഒരു പുതിയ വിൽപനകേന്ദ്രം തുറക്കുന്നതിനും കോർപ്പറേഷന് ഉദ്ദേശമുണ്ട്. 1970–71-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ മൂലധനനിക്ഷേപമായും വായ്പയായും കോർപ്പറേഷന് നൽകുന്നതിനുവേണ്ടി 5 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. കരകൗശല സഹകരണസംഘങ്ങൾക്ക് ധനസഹായം നൽകുന്നതിന് മൂന്നുലക്ഷം രൂപയും, അപ്പക്സ് സൊസൈറ്റിക്കുവേണ്ടി രണ്ടുലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

കൈത്തറി വ്യവസായം ഒരു ലക്ഷത്തിലേറെ ആളുകൾക്ക് തൊഴിൽ നൽകുന്നുണ്ട്. ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കുവേണ്ട സഹായം നൽകുന്നതിന് കൈത്തറി ധനകാര്യ കോർപ്പറേഷൻ രൂപീകരിക്കുകയും 16 ലക്ഷം രൂപ അതിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. കൈത്തറി വ്യവസായ സഹകരണസംഘങ്ങൾ പ്രവർത്തന മൂലധനത്തിന്റെ അഭാവത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. അതുകൊണ്ട് കൂടുതൽ ധനസഹായം അവയ്ക്ക് നൽകേണ്ടതായിട്ടുണ്ട്. ഇതിലേയ്ക്ക് അഞ്ചുലക്ഷം രൂപാ കൊള്ളിച്ചിട്ടുണ്ട്. കൈത്തറി സാധനങ്ങളുടെ വിപണനം പ്രത്യേകം ശ്രദ്ധ അർഹിക്കുന്നു. വിൽപന വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടിയുടെ ഭാഗമായി ജില്ലാ തലസ്ഥാനങ്ങളിൽ കൈത്തറി സാധനങ്ങൾ ആകർഷകമായ രീതിയിൽ പ്രദർശിപ്പിയ്ക്കുന്നതിനും വിൽക്കുന്നതിനുമായി കൈത്തറി ഭവനങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്നു. ഇതിലേയ്ക്കുവേണ്ടി നാലു ലക്ഷം രൂപാ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ട്.

ഡിപ്പാർട്ടുമെന്റിൽ നിക്ഷിപ്തമായിട്ടുള്ള വർദ്ധിച്ച ചുമതലകൾ തൃപ്തികരമായി നിറവേറ്റുന്നതിന് കൂടുതൽ ഉദ്യോഗസ്ഥൻമാരെ നിയമിക്കേണ്ടിവരും, വിശേഷിച്ചും കൈത്തറി വിഭാഗത്തിൽ. ഇതിനുവേണ്ടി 50,000 രൂപാ ബഡ്ജറ്റിൽ ചേർത്തിട്ടുണ്ട്.

കേരളത്തിലെ ഏറ്റവും പുരാതനവും പരമ്പരാഗതവുമായ കുടിൽ വ്യവസായങ്ങളുടെ കൂട്ടത്തിൽപ്പെടുന്ന ഒന്നാണ് മുള ഉപയോഗിച്ചുകൊണ്ടുള്ള സാധനങ്ങൾ നിർമ്മിക്കുന്ന പ്രവർത്തനം. ഈ തൊഴിലിൽ വ്യാപൃതരായിരിക്കുന്ന ഉദ്ദേശം ഒരുലക്ഷത്തോളം ആളുകൾ മദ്ധ്യവർത്തികളുടെ ചൂഷണത്തിന് വിവിധ ഘട്ടങ്ങളിൽ—അതായത് അസംസ്കൃതസാധനങ്ങൾ ശേഖരിക്കുന്നതുമുതൽ ഉൽപന്നങ്ങൾ പുറത്തിറക്കുന്നതുവരെയുള്ള ഘട്ടങ്ങളിൽ—വിധേയരായിരിക്കുന്നു. ഈ വ്യവസായത്തെക്കുറിച്ച് അന്വേഷിക്കാൻ നിയുക്തമായ കമ്മറ്റി ഒരു മുള വ്യവസായ കോർപ്പറേഷൻ രൂപീകരിക്കുവാൻ ശുപാർശ ചെയ്തിട്ടുണ്ട്. ഇതിനുവേണ്ടി ബഡ്ജറ്റ് അടങ്കലുകളിൽ ഒരു ടോക്കൺ സംഖ്യ വകയിരുത്തിയിട്ടുണ്ട്.

മൂലധനനിക്ഷേപമായി വിവിധ വാണിജ്യ വ്യാവസായികസ്ഥാപനങ്ങളിൽ 26 കോടി രൂപ സംസ്ഥാനഗവൺമെന്റ് മുതൽ മുടക്കിയിട്ടുണ്ട്. ഗവൺമെന്റുടമയിലുള്ള വ്യവസായസ്ഥാപനങ്ങളും ഒട്ടും തന്നെ തൃപ്തികരമായ നിലയിലല്ല പ്രവർത്തിക്കുന്നത്. അവയിൽനിന്നുലഭമുള്ള വരുമാനം വളരെ തുച്ഛവുമാണ്. ഈ ദുഃസ്ഥിതി പരിഹരിക്കുവാൻ വിവിധ പരിഹാരമാർഗ്ഗങ്ങളും കാലാകാലങ്ങളിൽ നിർദ്ദേശിക്കപ്പെടുകയും പരീക്ഷിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ ക്രമമായ രീതിയിൽ ഇവയൊന്നും പ്രാവർത്തികമാക്കുവാൻ ഇതേവരെ കഴിഞ്ഞിട്ടില്ല. പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനപുരോഗതി വിലയിരുത്തി വേണ്ട നിർദ്ദേശങ്ങളും നൽകുന്നതിന് ധനകാര്യ വകുപ്പിന്റെ കീഴിൽ ഒരു പ്രത്യേക ഘടകം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. "പൊതുമേഖലാ സ്ഥാപന ബ്യൂറോ" എന്ന പേരിൽ സ്ഥാപിക്കപ്പെടുന്ന ഈ

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗം ഈ രംഗത്തു പ്രവർത്തന പരിചയവും കഴിവും ഉള്ള ഒരു സീനിയർ ഉദ്യോഗസ്ഥന്റെ കീഴിൽ പ്രവർത്തിക്കുന്നതാണ്.

ഈ വിഷയം അവസാനിക്കുന്നതിനുമുമ്പ് വിവിധ വ്യവസായസ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്ന പ്രശ്നത്തെപ്പറ്റി പരാമർശിക്കട്ടെ. കേരളത്തെപ്പോലെ സാമ്പത്തിക പരാധീനതയുള്ള ഒരു സംസ്ഥാനത്തിന് ഇമ്മാതിരി വ്യവസായങ്ങൾക്ക് കാര്യമായ ധനസഹായം ചെയ്യുന്നതിന് വളരെയേറെ പരിമിതികൾ ഉണ്ട്. അതുകൊണ്ട് നാം ബാങ്കുകളെയും മറ്റു ധനകാര്യ സ്ഥാപനങ്ങളെയും കൂടുതൽ അളവിൽ ആശ്രയിക്കേണ്ടിയിരിക്കുന്നു. പൊതുമേഖലാസ്ഥാപനങ്ങളും കോർപ്പറേഷനുകളും അവയുടെ സാമ്പത്തികാവശ്യങ്ങൾ നിറവേറ്റുന്നതിന് മേൽപ്പറഞ്ഞ സ്ഥാപനങ്ങളെ സമീപിക്കേണ്ടിയിരിക്കുന്നു. പ്രമുഖ ബാങ്കുകളുടെ ദേശവൽക്കരണം ഇതിന് അനുകൂലമായ കാലാവസ്ഥ സൃഷ്ടിച്ചിട്ടുണ്ട്. ബാങ്കുകളിൽനിന്നും ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ മുതലായ സ്ഥാപനങ്ങളിൽനിന്നും ധനസഹായം നേടുന്നതിന് ആവശ്യമായ ഗാരൻറികൾ നൽകാൻ ഗവൺമെൻറ് സന്നദ്ധമായിരിക്കും.

വാഹനഗതാഗതം

മുൻകൊല്ലങ്ങളിൽ കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ തുടരെ തുടരെ നഷ്ടം നേരിട്ടുകൊണ്ടിരിക്കുകയായിരുന്നു. അതിന്റെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും, സാമ്പത്തികനിലയും ലാഭസാദ്ധ്യതയും, മെച്ചപ്പെടുത്തുന്നതിനുംവേണ്ടി അതിന്റെ പ്രവർത്തനരീതി പുനഃസംവിധാനം ചെയ്യുന്നതാണ്. 284 ബസ്സുകൾ വാങ്ങുന്നതിനും 200 ഷെഡ്യൂളുകൾ കൂടുതലായി ആരംഭിക്കുന്നതിനുമാണ് കോർപ്പറേഷന്റെ 1970–71–ലെ പരിപാടി. ഇതിലേയ്ക്കായി 230 ലക്ഷം രൂപയുടെ മുതൽമുടക്കാണ് കോർപ്പറേഷൻ ഉദ്ദേശിച്ചിട്ടുള്ളത്. അതിലേയ്ക്ക് സംസ്ഥാനഗവൺമെൻറ് നൽകുന്നത് 60 ലക്ഷം രൂപയായിരിക്കും.

മുമ്പു പ്രവർത്തനത്തിലിരുന്ന വാട്ടർ ട്രാൻസ്പോർട്ട് കോർപ്പറേഷൻ ആലപ്പുഴ ജില്ലയിൽ നടത്തിവന്ന ബോട്ട് സർവ്വീസുകളാണ് ഇപ്പോൾ സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറ് ഏറ്റെടുത്തു നടത്തുന്നത്. സർവ്വീസുകളുടെ പ്രവർത്തനം തൃപ്തികരമല്ല. കൂടുതൽ കാര്യക്ഷമമായും ലാഭകരമായും സർവ്വീസ്സുകൾ നടത്തുന്നതിനും ബോട്ടുകളുടെ എണ്ണം വർദ്ധിപ്പിക്കാനും, അത്യാവശ്യം വേണ്ട സ്റ്റാഫിനെ നിയമിക്കാനും, ഉദ്ദേശമുണ്ട്. അടുത്തവർഷത്തെ പദ്ധതിയിൽ വകയ്ക്കൊള്ളിച്ചിരുന്ന നാലു ലക്ഷം രൂപയ്ക്കുപുറമേ അഞ്ചു ലക്ഷം രൂപകൂടി ബോട്ടുകൾ വാങ്ങുന്നതിലേയ്ക്കു ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഒരു ഉൾനാടൻ ജലഗതാഗതകാർപ്പറേഷൻ രൂപീകരിക്കുന്നതിനു ടോക്കൺ സംഖ്യ ബഡ്ജറിൽ കൊള്ളിച്ചിട്ടുണ്ട്.

പൊതുമരാമത്ത്

നടപ്പുസാമ്പത്തികവർഷത്തിൽ പൊതുമരാമത്തു പണികൾക്കുള്ള തുക ഗണ്യമായി വർദ്ധിപ്പിക്കേണ്ടിവന്നു. അതിവൃഷ്ടിയെത്തുടർന്നു ഗതാഗതോപാധികളുടെ അറ്റകുറ്റപ്പണികൾ വിപുലമായ തോതിൽ നടത്തേണ്ടിവന്നതാണ് ഇതിനു കാരണം. കൂടാതെ സ്കൂൾ കെട്ടിടങ്ങൾക്കുള്ള തുകയും വർദ്ധിപ്പിക്കേണ്ടിവന്നു. 1970–71–ലേക്ക് റോഡുകളുടേയും സർക്കാർവക കെട്ടിടങ്ങളുടേയും അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി 5.25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മുൻകൊല്ലങ്ങളെ അപേക്ഷിച്ച് കാര്യമായ വർദ്ധനയെയാണ് ഇതു കാണിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly